# ഒടുവിൽ കാരശ്ശേരി 'വഹാബി'കളെയും തേടിയെത്തി....

ലേഖനം ● ടി.കെ ഫാറൂഖ്

**സമകാലിക** കേരളത്തിലെ ചൂടുള്ള വിഷയമായ ഭീകരതയെക്കുറിച്ച ചർച്ചകളിലെ സജീവ സാന്നിധ്യമാണ് ശ്രീ എം.എൻ കാരശ്ശേരി. പങ്കെടുക്കുന്ന ചർച്ചയുടെ വേദിയും സ്വഭാവവുമെന്തായാലും അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ മുൻകൂട്ടി പ്രവചിക്കാൻ സാധിക്കുമെന്നത് ഒരു സവിശേഷതയാണ്. തന്റെ ജീവിത നിയോഗമായി സ്വയം ഉൾക്കൊള്ളുന്നത് കൊണ്ടോ, താനും സുഹൃദ്സംഘവും നിരന്തരമായി ഉദ്ബോധിപ്പിച്ചിട്ടും കേരളീയ സമൂഹം പ്രബുദ്ധരാകാത്തതു കൊണ്ടോ എന്തായാലും, പതിറ്റാണ്ടുകൾക്ക് മുമ്പ് തയാറാക്കപ്പെട്ട, മൗദൂദിയിൽ തുടങ്ങി മൗദൂദിയിൽ അവസാനിക്കുന്ന പ്രഭാഷണത്തിന്റെ തനിയാവർത്തനം മാത്രമാണ് അദ്ദേഹത്തിൽ നിന്ന് ഉയർന്ന് കേൾക്കാറുള്ളത്. ഈ പതിവ് ശൈലിയിൽ നിന്നുള്ള വ്യതിചലനം കൊണ്ട് ശ്രദ്ധേയമാണ് അദ്ദേഹം അടുത്ത് *മാതൃഭൂമി* ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനം (ആ വഹാബികളല്ല ഈ വഹാബികൾ– *മാതൃഭൂമി* ആഴ്ചപ്പതിപ്പ്– 2010 ഫിബ്രവരി 21–27). ഭീകരവേട്ടയുടെ വല അൽപം വിസ്തൃതമായി ചുഴറ്റിയെറിയുന്നു ഇത്തവണ കാരശ്ശേരി. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ട ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങളുടെ പ്രഭവകേന്ദ്രവും ജീവസ്പന്ദനവുമായ നവോത്ഥാന നായകൻ മുഹമ്മദ്ബ്നു അബ്ദിൽ വഹാബും അദ്ദേഹത്തിന്റെ പരിഷ്കരണ സംരംഭങ്ങളുമാണ് പുതിയ ഇര.

കാരശ്ശേരി ലേഖനത്തിലൂടെ സമർഥിക്കാൻ ശ്രമിക്കുന്ന കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1. അറേബ്യയിലെ നജ്ദിൽ രൂപം കൊണ്ട മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ ഇസ്‌ലാമിക പരിഷ്കരണ പ്രവർത്തനങ്ങൾ, ഈജിപ്തിൽ മുഹമ്മദ് അബ്ദു, റശീദ് രിദാ തുടങ്ങിയവർ നടത്തിയ പ്രവർത്തനങ്ങൾ, ഇന്ത്യയിൽ ഷാ വലിയ്യുല്ലയുടെ പരിഷ്കരണ ശ്രമങ്ങൾ, കേരളത്തിൽ വളർന്നു വന്ന മതനവീകരണാശയങ്ങൾ തുടങ്ങിയവയെ 'വഹാബിസം' എന്ന് പൊതുവായി വിളിക്കാറുണ്ടെങ്കിലും (എതിരാളികളാണ് ഈ പ്രയോഗത്തിന് പിന്നിൽ) അല്ലാഹുവിന്റെ ഏകത്വം പോലുള്ള ചില അടിസ്ഥാന സിദ്ധാന്തങ്ങൾ മാറ്റി നിർത്തിയാൽ ചരിത്രം കൊണ്ടും ഉള്ളടക്കം കൊണ്ടും അവ തികച്ചും വ്യത്യസ്തമാണ്.

2. ഏറെ കർക്കശവും സങ്കുചിതവുമായിരുന്നു മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ അധ്യാപനങ്ങൾ. 'മതശുദ്ധി' വീണ്ടെടുക്കുന്നതിനു വേണ്ടി മരിക്കാൻ എന്ന പോലെ കൊല്ലാനും അവ അനുയായികളെ പ്രേരിപ്പിക്കുന്നു (താലിബാൻ ബുദ്ധപ്രതിമകൾ തകർത്തതിന്റെ പിന്നിലെ പ്രേരകം ഇതായിരുന്നെന്ന് കാരശ്ശേരി. കേരളത്തിലെ ഏത് കൊടിയ യാഥാസ്ഥിതികരെയും വെല്ലുന്ന യാഥാ

സ്ഥിതികത്വം പുലർത്തുന്ന താലിബാൻകാർ സലഫികളാണെന്നത് അപാര വിവരം തന്നെ!).

3. ജമാലുദ്ദീൻ അഫ്ഗാനി, മുഹമ്മദ് അബ്ദു, റശീദ് രിദാ എന്നിവർ നേതൃത്വം നൽകിയ ഈജിപ്തിലെ പരിഷ്കരണ സംരംഭങ്ങൾക്ക് മുഹമ്മദ്ബ്നു അബ്ദിൽ വഹാബുമായി നേരിട്ട് ബന്ധമില്ല. മുസ്ലിം സമൂഹത്തിന്റെ ആധുനീകരണത്തിന് വേണ്ടി വാദിച്ചവരാണിവർ.

4. ഇന്ത്യയിലേക്കും കേരളത്തിലേക്കും ഇസ്ലാഹീ ആശയങ്ങൾ കടന്നു വന്നത് അറേബ്യയിൽ നിന്നല്ല, ഈജിപ്തിൽ നിന്നാണ്. ഭീകരതക്ക് പ്രചോദനമാകുന്ന മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ സങ്കുചിത ചിന്താഗതികളുമായി, കേരളത്തിലെ മുജാഹിദ് വിഭാഗത്തിന് ബന്ധമൊന്നുമില്ല.

കേരളത്തിലെ മുജാഹിദ് പ്രസ്ഥാനങ്ങൾക്കെതിരെ ആരെങ്കിലും ഭീകരത ആരോപിച്ചതായറിയില്ല. എന്നല്ല, ജമാഅത്തെ ഇസ്ലാമിക്കെതിരെ കാരശ്ശേരിയും സംഘവും നടത്തി വരുന്ന ഭീകരതാ പ്രചാരണത്തിലെ പങ്കാളികളാണുതാനും അവർ. മുജാഹിദ് പ്രസ്ഥാനങ്ങളെ രക്ഷിച്ചെടുക്കാൻ ഒരു തിസീസിന്റെ അകമ്പടിയോടെയാണെങ്കിലും അവരുടെ ആദർശപ്രചോദനമെന്ന് പൊതുവെ മനസ്സിലാക്കപ്പെട്ടു പോരുന്ന മുഹമ്മദ്ബ്നു അബ്ദിൽ വഹാബിനെതിരെ മലയാളത്തിലെ ഒരു മുഖ്യധാരാ വാരികയിൽ തന്നെ വെടിയുതിർക്കാൻ കാരശ്ശേരിയെ പ്രചോദിപ്പിച്ചതെന്തായിരിക്കാം?

ഇസ്ലാമിനും ഇസ്ലാമിക നായകർക്കുമെതിരെ അമേരിക്കൻ-യൂറോപ്യൻ ചിന്തകർ എഴുതിവിടുന്ന കാര്യങ്ങളാണ് എം.എൻ കാരശ്ശേരി, ഹമീദ് ചേന്ദമംഗല്ലൂർ തുടങ്ങിയവരുടെ തൂലികകളാൽ മലയാളത്തിൽ വിവർത്തനം ചെയ്ത് വരാറുള്ളത്. അവിടെ നടക്കുന്ന ചർച്ചകളിൽ 'വഹാബിസം' പുതിയ പദമല്ല. എന്നല്ല, കാരശ്ശേരിയും സംഘവും നൂറ്റൊന്നാവർത്തിക്കുന്ന 'മൗദൂദിസ'ത്തേക്കാൾ അവിടെ ആവർത്തിക്കപ്പെടുന്നത് 'വഹാബിസ'മാണ്. എന്നിട്ടും ഈ ചർച്ച കേരളത്തിലേക്ക് കടന്നു വരാതിരിക്കാൻ പല കാരണങ്ങളുണ്ട്. മലയാള മാധ്യമങ്ങളിലും വേദികളിലും നിറഞ്ഞാടുന്ന ഭീകരവേട്ടാ സിൻഡിക്കേറ്റ് അംഗങ്ങളിൽ പലരും മുജാഹിദ് ആശയങ്ങൾ പങ്കുവെക്കുന്നവരോ, അവരുമായി സൗഹൃദം പുലർത്തുന്നവരോ ആണെന്നതാണ് ഒരു കാരണം. ഇവിടെ കാര്യമായി ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ആരോപണങ്ങൾക്ക് മറുപടി പറഞ്ഞ് അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കേണ്ടതില്ലെന്ന് മുജാഹിദ് സംഘടനകൾ ന്യായമായും ചിന്തിക്കുന്നുവെന്നതാണ് മറ്റൊന്ന്. ഇതേ പോലെ തന്നെ പ്രധാനമാണ് 'ഇതാ പോകുന്നു ഭീകരവാദികൾ' എന്ന് ജമാഅത്തെ ഇസ്ലാമിയെ ചൂണ്ടി മുജാഹിദ് സംഘടനകൾ നിരന്തരം വിളിച്ചു കൂവുമ്പോഴും, സമാന ഭാഷയിൽ തിരിച്ചടിച്ച് ഇസ്ലാമിക നവോത്ഥാന സംരംഭങ്ങളെ മുഴുവൻ ഭീകരതയുടെ കരിനിഴലിൽ നിർത്തുന്ന സാഹചര്യം സൃഷ്ടിക്കരുത് എന്ന ജമാഅത്തെ ഇസ്ലാമിയുടെ പക്വമായ നിർബന്ധബുദ്ധി. മുജാഹിദ് സംഘടനകൾ അനുഭവിച്ചു വരുന്ന ഈ സ്വച്ഛതയിലേക്കാണ് കാരശ്ശേരി ഇപ്പോൾ ചാട്ടുളി എറിഞ്ഞിരിക്കുന്നത്. ഇംഗ്ലീഷ് പുസ്തകങ്ങൾ തപാലിൽ ലഭിക്കുന്നതും ഇന്റർനെറ്റ് സർഫിംഗ് സൗകര്യമുള്ളതും കാരശ്ശേരിയിലും ചേന്ദമംഗല്ലൂരിലും മാത്രമല്ലാത്തതിനാൽ മൗദൂദിക്കെതിരെയുള്ള തങ്ങളുടെ ഏകമുഖ പോരാട്ടത്തിലെ കാപട്യം ഇനി ഏറെക്കാലം മറച്ചുവെക്കാനാവില്ലെന്ന തിരിച്ചറിവുതന്നെ കാരണം. ഒരു രാജ്യം പാലിക്കേണ്ട ഔദ്യോഗിക ആതിഥ്യമര്യാദകൾ മറന്നുകൊണ്ട് മുൻകേന്ദ്രമന്ത്രി രാംജത്മലാനി ഭീകരതക്കെതിരായ അന്താരാഷ്ട്ര ജൂറിമാരുടെ സമ്മേളനത്തിൽ നടത്തിയ പ്രഭാഷണം ഉയർത്തിയ വിവാദം ഒരു നിമിത്തമായെന്നു മാത്രം.

ഉദ്ധരണികളാൽ സമൃദ്ധമാണ് കാരശ്ശേരിയുടെ ലേഖനം. മലയാളത്തിൽ നിന്ന് അദ്ദേഹം മുഖ്യമായും ഉദ്ധരിച്ചിരിക്കുന്നത് രണ്ട് ഗ്രന്ഥങ്ങളിൽനിന്നാണ്. ലേഖനത്തിൽ കാരശ്ശേരി സാക്ഷിപട്ടികയിൽ ഇടം നൽകിയിരിക്കുന്ന മുജാഹിദ് പ്രസ്ഥാനങ്ങളിലൊന്നിന്റെ പ്രസിദ്ധീകരണ വിഭാഗമായ 'യുവത ബുക്ക് ഹൗസ്' അഞ്ച് വാള്യങ്ങളിലായി പ്രസിദ്ധീകരിച്ചിരിക്കുന്ന 'ഇസ്ലാം' എന്ന ബൃഹദ്ഗ്രന്ഥമാണ് ഒന്ന്. മുജാഹിദ് പ്രസ്ഥാനങ്ങളുടെ ചിന്തകളും നിലപാടുകളും മനസ്സിലാക്കുന്നതിന് മലയാളത്തിൽ ലഭ്യമായ ഏറ്റവും ആധികാരികമായ റഫറൻസ് ഗ്രന്ഥം ഇതുതന്നെയെന്നതിൽ സംശയമില്ല. 'മക്കയിലേക്കുള്ള പാത'യാണ് രണ്ടാമത്തേത്. മുഹമ്മദ് അസദിന്റെ മാസ്റ്റർപീസ് രചന എന്നതിന് പുറമെ കാരശ്ശേരിയുടെ മാസ്റ്റർപീസ് വിവർത്തനം എന്നതും ഇതിനെ ശ്രദ്ധേയമാക്കുന്നു.

കാരശ്ശേരി സമർപ്പിക്കുന്ന സലഫിസത്തിന്റെ 'വിഭിന്ന ഉറവിട' സിദ്ധാന്തത്തെയും മുഹമ്മദ്ബ്നു അബ്ദിൽവഹാബിനെതിരെ ഉന്നയിച്ച ഭീകരതാ പ്രചോദന ആരോപണത്തെയും വിശകലനം ചെയ്യാൻ ഏറെ സഹായകമാണ് 'ഇസ്ലാം' വാള്യങ്ങൾ. കാരശ്ശേരി ഉദ്ധരിച്ചിരിക്കുന്ന അഞ്ചാം വാള്യ

ത്തെക്കാൾ ഇതിന് സഹായകരമാവുക 'ഇസ്‌ലാം: ചരിത്രവും സംസ്കാരവും' എന്ന പേരിലുള്ള നാലാം വാള്യമാണ്. 2002ലെ പിളർപ്പിന് മുമ്പ് (2001ൽ) പ്രസിദ്ധീകരിക്കപ്പെട്ടത് കൊണ്ടുതന്നെ ഇരു വിഭാഗത്തിനും അഭിപ്രായൈക്യമുള്ളതാണ് ഈ ഗ്രന്ഥത്തിലെ നിലപാടുകൾ.

മുഹമ്മദ്ബ്നു അബ്ദിൽ വഹാബിനെ ഗ്രന്ഥം ഇപ്രകാരം പരിചയപ്പെടുത്തുന്നു:

"മുസ്‌ലിം ലോകത്ത് ചിന്താപരമായ വിപ്ലവം സൃഷ്ടിച്ച മുഹമ്മദ് ബ്നു അബ്ദിൽ വഹാബിന്റെ ആശയാദർശങ്ങൾക്ക് വലിയ പ്രചാരം ലഭിച്ചു. ലോകമുസ്‌ലിം നവോത്ഥാന നായകന്മാർ എല്ലാവരുംതന്നെ അദ്ദേഹത്തോട് തങ്ങൾക്കുള്ള കടപ്പാട് അഭിവ്യഞ്ജിപ്പിച്ചിട്ടുണ്ട്. സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി, ശൈഖ് മുഹമ്മദ് അബ്ദു, സയ്യിദ് റശീദ് രിദാ, അഹ്മദ് ബറേൽവി (പഞ്ചാബ്), മുഹമ്മദ് അലി അൽസനൂസി (അൽജിയേഴ്സ്), അബ്ദുറഹ്മാൻ അൽകവാകിബി (സിറിയ) തുടങ്ങിയവർ അവരിൽപ്പെടുന്നു. കാൻഡ്വവൽ സ്മിത്ത്, ഗിബ, ലോതറോബു സ്റ്റുവാർഡ് തുടങ്ങിയ പാശ്ചാത്യ പണ്ഡിതന്മാരും ഡോ. ത്വാഹാ ഹുസൈൻ, ഡോ. അഹ്മദ് അമീൻ തുടങ്ങിയ മുസ്‌ലിം ബുദ്ധിജീവികളും നവോത്ഥാന നായകന്മാരിലാണ് അദ്ദേഹത്തെ എണ്ണിയിരിക്കുന്നത്" (പേജ് 1098–1099).

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യയിൽ നിന്നാരംഭിച്ച് കേരളത്തിലോളം പടർന്ന് പന്തലിച്ച പരിഷ്കരണ പ്രവർത്തനങ്ങൾ എത്രത്തോളം ഇഴചേർന്നിരിക്കുന്നുവെന്ന് കാണുക:

"12,13 നൂറ്റാണ്ടുകളിൽ മതരംഗത്ത് നിന്ന് പിന്നാക്കം പോയവർക്കെതിരിൽ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയയെപ്പോലുള്ള മഹാന്മാർ രംഗത്ത് വന്നു. 17–ാം നൂറ്റാണ്ടിൽ മുഹമ്മദ്ബ്നു അബ്ദിൽ വഹാബും അനുയായികളും ഈ ശ്രമം തുടർന്നു... സംഘടനകളും പത്രപ്രസിദ്ധീകരണങ്ങളുമായി 20–ാം നൂറ്റാണ്ടിൽ നിരവധി സംരംഭങ്ങൾ നടന്നു. ജമാലുദ്ദീൻ അഫ്ഗാനിയുടെ ഉർവതുൽ വുസ്ക്വാ എന്ന പ്രസിദ്ധീകരണം ഫ്രാൻസിൽ നിന്ന് പുറത്തിറങ്ങി. തുടർന്ന് മുഹമ്മദ് അബ്ദു, ശിഷ്യൻ റിദാ എന്നിവർ ഈജിപ്തിൽ നിന്ന് തുടങ്ങിയ *അൽമനാർ* മാസികയുടെ പ്രസിദ്ധീകരണം വൻ വിപ്ലവമായിരുന്നു. ആഗോളാടിസ്ഥാനത്തിൽ നടന്ന ഈ ഉയിർത്തെഴുന്നേൽപിന്റെ ഭാഗമായിതന്നെയാണ് കേരളത്തിലും മുസ്‌ലിംകൾക്കിടയിൽ പ്രവർത്തിക്കുന്ന ഇസ്‌ലാഹീ സംരംഭങ്ങൾ ഒറ്റക്കും കൂട്ടായും ആരംഭിച്ചത്" (പേജ് 1254–1255).

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെയോ മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെയോ ആശയങ്ങൾക്കല്ല, ഈജിപ്ഷ്യൻ ധാരക്കാണ് കേരളത്തിൽ സ്വീകാര്യത ലഭിച്ചതെന്നതിന് കാരശ്ശേരി ഉദ്ധരിക്കുന്ന ഒരു തെളിവ് മതരാഷ്ട്രവാദത്തെ ഒരിക്കലും അംഗീകരിച്ചിട്ടില്ലാത്ത ഇ. മൊയ്തു മൗലവി, മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് തുടങ്ങിയ ദേശീയപ്രസ്ഥാന നേതാക്കൾ കേരളത്തിലെ സലഫീ ചിന്താഗതിക്കൊപ്പമായിരുന്നുവെന്നതാണ്. എന്നാൽ 'ഇസ്‌ലാം' (നാലാം വാള്യം) നൽകുന്നത് ഇത്തരം വിഭജനങ്ങളില്ലാത്ത പരസ്പര ബന്ധത്തെക്കുറിച്ചുള്ള വിവരമാണ്:

"മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ സതീർത്ഥ്യനായ ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ നിന്ന് ആദർശവും ആവേശവും ഉൾക്കൊണ്ട സയ്യിദ് ഇസ്മാഈലിനെപ്പോലുള്ള നേതാക്കളും ഇന്ത്യയിൽ നയിച്ച ഇസ്‌ലാഹീ മൂവ്മെന്റിന്റെ അലയൊലികളാണ് കേരളത്തിലും അടിച്ചുവീശിയത്" (പേജ് 1258).

"കൊച്ചിയിലെ സേട്ടുമാരുടെ പള്ളിയിൽ, ഭട്കലിൽ (കർണാടക) നിന്നു വന്ന അല്ലാമ അബ്ദുൽകരീം മൗലാന ക്വാദിയും ക്വതീബുമായി സേവനം ചെയ്തു. അദ്ദേഹം ഇബ്നു തൈമിയ്യയുടെ ആശയക്കാരനായിരുന്നു. അദ്ദേഹം ശൈഖുൽ ഇസ്‌ലാമിന്റെ (ഇബ്നു തൈമിയ്യ) അൽഫുർക്വാൻ, അൽ അക്വീദത്തുൽ വാസിത്വിയ്യ തുടങ്ങിയ ഗ്രന്ഥങ്ങൾക്ക് വ്യാഖ്യാനമെഴുതി. ക്വുർആനും സുന്നത്തും അദ്ദേഹം പഠിപ്പിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ പെട്ടതാണ് ഇ. മൊയ്തു മൗലവിയുടെ പിതാവ് മരക്കാർ മുസ്ലിയാർ" (പേജ് 1257).

സലഫിസത്തെക്കുറിച്ച് ഗവേഷണ പ്രബന്ധം തയാറാക്കുമ്പോൾ വളരെ പ്രാഥമികമായ ഇത്തരം വിവരങ്ങൾ കാരശ്ശേരി കാണാതെ പോയെന്നോ? എന്നാൽ സ്വന്തം വിവർത്തന ഗ്രന്ഥമായ 'മക്കയിലേക്കുള്ള പാത'യിൽ നിന്നുള്ള ഉദ്ധരണിയിൽ അദ്ദേഹം നടത്തിയ കള്ളക്കളികൾ കാണുമ്പോഴാണ് അക്കാദമിക സത്യസന്ധതയുടെ ആഴം നമുക്ക് അളക്കാനാവുക. മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെ അധ്യാപനങ്ങളുടെ കാർക്കശ്യവും സങ്കുചിതത്വവും സമർഥിക്കാനാണ് കാരശ്ശേരി 'മക്കയിലേക്കുള്ള പാത'യുടെ 210, 211 പേജുകളിൽ നിന്ന് ദീർഘമായി ഉദ്ധരിക്കുന്നത്. എന്നാൽ 211–ാം പേജിലെ 2–ാം വരിയിൽ നിന്ന് അദ്ദേഹം നേരെ ചാടുന്നത് 21–ാം വരിയിലേക്കാണ്. ഇടക്കുള്ള ഭാഗ

ങ്ങളെ കേവലം അഞ്ച് കുത്തുകളിൽ ഒതുക്കിയിരിക്കുന്നു. ലേഖന വിഷയവുമായി നേരിട്ട് ബന്ധമില്ലാത്ത കാര്യങ്ങളാണല്ലോ ഉദ്ധരണിയുടെ ഇടയിൽ വെച്ച് മുറിച്ച് മാറ്റിയിട്ടുണ്ടാവുക. എന്നാൽ ഇവിടെ വിട്ടുകളഞ്ഞ ഭാഗങ്ങൾ വായിച്ചു നോക്കുക:

"ഇതൊക്കെയാണെങ്കിലും വഹാബികൾ തീർച്ചയായും ഒരു പ്രത്യേക മതശാഖയല്ല. പ്രത്യേക 'മതശാഖ', അതേ വിശ്വാസത്തിലുൾപ്പെടുന്ന മറ്റനുയായികളുടെ വൻ സമൂഹത്തിൽ നിന്ന് സ്വന്തം അനുയായികളെ വേർതിരിച്ചറിയുന്നതിന് വേണ്ടി പ്രത്യേകമായ ചില സിദ്ധാന്തങ്ങൾ മുൻകൂട്ടി കണ്ടു വെക്കും. വഹാബിസത്തിൽ, ഏതായാലും അത്തരം പ്രത്യേക സിദ്ധാന്തങ്ങളൊന്നുമില്ല – മറിച്ച്: ഇസ്‌ലാമിന്റെ യഥാർഥ പഠനങ്ങൾക്കുമേൽ കെട്ടിയേൽപിക്കപ്പെട്ടവയും അടിഞ്ഞുകൂടിയവയും അതിനു ചുറ്റും നൂറ്റാണ്ടുകളായി വളർന്നുവന്നവയും ആയ സിദ്ധാന്തങ്ങളെ പറിച്ചു മാറ്റാനും പ്രവാചകന്റെ ആദിമ സന്ദേശത്തിലേക്ക് തിരിച്ചുപോകാനും ഈ പ്രസ്ഥാനം പരിശ്രമിക്കുകയുണ്ടായി. സുവ്യക്തത കൊണ്ട് ഈ സന്ദേശം നിശ്ചയമായും മഹത്തായൊരു പരിശ്രമമായിത്തീർന്നു. കാലക്രമത്തിൽ സ്വന്തം സന്ദേശത്തെ ദുർഗ്രഹമാക്കിത്തീർത്ത അന്ധവിശ്വാസങ്ങളിൽ നിന്ന് ഇസ്‌ലാമിനെ സമ്പൂർണ മോചനത്തിലേക്ക് നയിക്കാൻ അതിന് കഴിഞ്ഞു. തീർച്ചയായും ആധുനിക ഇസ്‌ലാമിലെ എല്ലാ നവോത്ഥാന പ്രസ്ഥാനങ്ങളും–ഇന്ത്യയിലെ അഹ്‌ലേ ഹദീസ് പ്രസ്ഥാനം, വടക്കൻ ആഫ്രിക്കയിലെ സനൂസീ പ്രസ്ഥാനം, ജമാലുദ്ദീൻ അഫ്ഗാനിയുടെയും ഈജിപ്തുകാരനായ മുഹമ്മദ് അബ്ദുവിന്റെയും പ്രവർത്തനങ്ങൾ–മുഹമ്മദ്ബ്നു അബ്ദിൽവഹാബ് പതിനെട്ടാം നൂറ്റാണ്ടിൽ ഉയർത്തിവിട്ട ആത്മീയ പ്രചോദനത്തിൽ നിന്ന് നേരിട്ട് ആവേശം ഉൾക്കൊണ്ടവയാണ്" (പേജ് 211).

പ്രിയ കാരശ്ശേരീ, താങ്കളുടെ 'ഉദ്ദേശ്യശുദ്ധി'യെക്കുറിച്ച് അതിവാചാലമായി സംസാരിച്ചു കളയുന്നുവല്ലോ കുത്തുകളിലൊതുക്കി മാറ്റിനിർത്താൻ ശ്രമിച്ച ഈ വരികൾ. സംശയമില്ല, മുഹമ്മദ് അസദും 'മക്കയിലേക്കുള്ള പാത'യും താങ്കളെ ഇനിയുമിനിയും വേട്ടയാടിക്കൊണ്ടിരിക്കുക തന്നെ ചെയ്യും.

കാരശ്ശേരിയുടെ നിലപാടുകളിലെ വൈരുധ്യങ്ങൾ ഒട്ടനവധിയാണ്. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ കാരശ്ശേരി സ്ഥിരമായി പ്രയോഗിക്കുന്ന ശകാര പദങ്ങളിലൊന്നാണ് പാൻ ഇസ്‌ലാമിസം. ഇസ്‌ലാമിസ്റ്റുകൾ = പാൻ ഇസ്‌ലാമിസം = ഭീകരത എന്ന ഇക്വേഷനാണ് നിരന്തരമായി അവതരിപ്പിക്കപ്പെട്ടുപോരാറുള്ളത്. യഥാർഥത്തിൽ എന്താണ് പാൻ ഇസ്‌ലാമിസം? "ആകമാന മുസ്‌ലിം സാഹോദര്യം എന്നേ ഈ പദത്തിന് അർഥമുള്ളൂ. പക്ഷേ പാശ്ചാത്യർ അതിനെ വികലമായി ചിത്രീകരിക്കുകയും തങ്ങളുടെ ഭാവനക്കനുസരിച്ച് അതിനെ വ്യാഖ്യാനിക്കുകയുമാണ് ചെയ്തത്. മതസാഹോദര്യം എല്ലാ മതങ്ങളുടെയും മൗലികഘടകമാണ്. മുസ്‌ലിം സൗഭ്രാതൃത്വസങ്കൽപം ഇസ്‌ലാമിന്റെ ആവിർഭാവം മുതൽക്കുള്ളതും മതപ്രമാണങ്ങൾ അനുശാസിക്കുന്നതുമാണ്. അതിൽ പുതുതായിട്ടൊന്നുമില്ല" (ഇസ്‌ലാം –വാല്യം നാല്– പേജ് 1106). "ഖലീഫ അബ്ദുൽ ഹമീദ്ഖാൻ ഉന്നയിച്ച പാൻഇസ്‌ലാമിസം സ്വാഭാവികമായും അഫ്ഗാനിയുടെ പിന്തുണക്കിടയാക്കി. പാരീസിലെ പ്രവാസകാലത്ത് അദ്ദേഹവും മുഹമ്മദ് അബ്ദുവും സംയുക്തമായി പ്രസിദ്ധീകരിച്ച വാരിക അൽ ഉർവതുൽ വുഥ്കാ അവരിൽ ചിന്താഗതിയുടെ അഭിവ്യഞ്ജന വേദിയായി" (പേജ് 1108). "ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് മുസ്‌ലിം മതപണ്ഡിതന്മാർ നേതൃത്വം കൊടുത്തതും 1906 ൽ ഡാക്കയിൽ മുസ്‌ലിം പൊതുവേദിയായി മുസ്‌ലിം ലീഗ് രൂപീകൃതമായതും പാൻ ഇസ്‌ലാമിസത്താൽ പ്രചോദിതമായിട്ടാണെന്നതും പ്രസ്താവ്യമാണ്" (പേജ് 1109). ഏതായാലും പാൻഇസ്‌ലാമിസത്തിന്റെ നെടുംതൂണുകളായ ജമാലുദ്ദീൻ അഫ്ഗാനി, മുഹമ്മദ് അബ്ദു തുടങ്ങിയവർക്കെങ്കിലും കാരശ്ശേരി താൽക്കാലികമായി ജാമ്യം അനുവദിച്ചിരിക്കുന്നു. ഇതൊരു നല്ല തുടക്കമാവട്ടെയെന്ന് നാം ആഗ്രഹിക്കുക.

കേരളത്തിലെ മുജാഹിദ് പ്രസ്ഥാനങ്ങൾക്ക് മുമ്പിൽ വിചിത്രവും അപകടകരവുമായ ഒരു എക്സ്ചേഞ്ച് ഓഫറാണ് കാരശ്ശേരി മുന്നോട്ടു വെച്ചിരിക്കുന്നത്. നിങ്ങളുടെ നവോത്ഥാന നായകന്മാരെ ഞങ്ങൾക്ക് വിട്ടുതന്നേക്കുക, പകരം നിങ്ങളെ സംരക്ഷിക്കുന്നത് ഞങ്ങളേറ്റു.ഭീകരതയെന്ന് കേൾക്കുമ്പോഴേക്കും ആദർശപ്രചോദനങ്ങളെ കൊലക്കത്തിക്ക് എറിഞ്ഞു കൊടുക്കാൻ മാത്രം മുട്ടുറപ്പില്ലാത്തവയല്ല മുജാഹിദ് സംഘടനകളെന്ന് വിശ്വസിക്കാനാണ് സ്വാഭാവികമായും നാം ആഗ്രഹിക്കുക. എന്നാൽ ഈ സദ്വിചാരത്തെ തകിടംമറിക്കുന്നതാണ് ശ്രദ്ധയിൽപ്പെട്ട പ്രഥമ പ്രതികരണം. കാരശ്ശേരിയുടെ ലേഖനത്തോട് *ശബാബ്* വാരിക പ്രതികരിക്കുന്നു... "കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തെ മലയാള മുഖ്യധാരയിൽ, ഏറെക്കുറെ നിഷ്പക്ഷമായി പഠനവിധേയമാക്കുന്ന ഒന്നാമത്തെ

ഉദ്യമമാണിതെന്ന് തോന്നുന്നു. 2002ലെ മുജാഹിദ് പിളർപ്പ് വാസ്തവത്തിൽ, മലയാളത്തനിമയുള്ള ഇസ്‌ലാഹീ പ്രസ്ഥാനത്തിന് വേണ്ടി പ്രസ്ഥാനത്തിലെ ഒരു വിഭാഗം ഉയർത്തിയ സമരത്തിന്റെ പര്യവസാനമായിരുന്നുവെന്ന വസ്തുത ലേഖനത്തിൽ പരാമർശിക്കപ്പെടേണ്ടതായിരുന്നു. ഏതായാലും, ഇത്തരത്തിലുള്ള പുതിയ അന്വേഷണങ്ങളും എഴുത്തുകളും കേരളത്തിന്റെ സംവാദ മണ്ഡലത്തിന് ഒരു പുതിയ ദിശ നൽകും" (ഈ മുസ്‌ലിംകളും ആ വഹാബികളും – എമ്മാർ–2010 ഫെബ്രുവരി 26). മാതൃസ്നേഹം പോലും ഭീകരതയായി മുദ്രകുത്തപ്പെടുന്ന വർത്തമാന കേരളത്തിൽ അതിജീവനത്തിന് ഇങ്ങനെയൊക്കെ വേണമായിരിക്കാം!

'എമ്മാർ' മുന്നോട്ടുവെക്കുന്ന മലയാളത്തനിമയുള്ള ഇസ്‌ലാഹീ പ്രസ്ഥാനം എന്നത് നിരാകരിക്കപ്പെടേണ്ട ആശയമല്ല. അറേബ്യൻ പശ്ചാത്തലത്തിൽ രൂപംകൊണ്ട, ഇബ്നു തൈമിയ്യയുടെയോ മുഹമ്മദ്ബ്നു അബ്ദിൽ വഹാബിന്റെയോ ആശയങ്ങൾ അതേപടി കേരളത്തിലേക്ക് പറിച്ച് നടുന്നത് ഇജ്തിഹാദിനെക്കുറിച്ച് അവർ തന്നെ നൽകിയ അധ്യാപനങ്ങൾക്ക് വിരുദ്ധമായിരിക്കും.എന്നാൽ ഇത് അവരിലൊക്കെ ഭീകരമുദ്രചാർത്തിയിട്ട് വേണോ എന്നുള്ളതാണ് പ്രശ്നം.

മുജാഹിദുകളുടെ പടിവാതിൽക്കൽ കാരശ്ശേരി കാത്തുനിൽക്കുകയാണ്. വാതിൽ തുറക്കുന്നതിന് മുമ്പ്, മുട്ടി വിളിക്കുന്നത് വിരുന്നുകാരനാണോ അതോ വേട്ടക്കാരനാണോ എന്ന് അൽപസമയം ചിന്തിച്ചാൽ അവർക്ക് നല്ലത്, ഇസ്‌ലാമിനും. ■